**Athmaraksha.org**

മറ്റു ലേഖനങ്ങൾ

## യേശുവിന്റെ മൃതദേഹം കിടത്തിയതെന്നു കരുതുന്ന ശിലയും കല്ലറയിലെ മറ്റൊരു മാർബിൾ ശിലയും കണ്ടെത്തി



ജറുസലം : ആദ്യം കണ്ടത് ഒരു ചുണ്ണാമ്പുകല്ല്. പൊടിമാറ്റി നോക്കിയപ്പോൾ ചാരനിറമുള്ള മാർബിൾ ശില. അതിനുമപ്പുറം അതിന്റെ നടുവിൽ മനോഹരമായി കൊത്തിയ കുരിശുരൂപം! യേശുക്രിസ്തുവിന്റെ മൃതദേഹം അടക്കം ചെയ്തതെന്നു വിശ്വസിക്കപ്പെടുന്ന കല്ലറ 500 വർഷത്തിനുശേഷം തുറന്ന ഗവേഷകരാണു മൃതദേഹം കിടത്തിയതെന്നു കരുതുന്ന ശില ഉൾപ്പെടെ കണ്ടെത്തിയത്.

നാഷനൽ ജിയോഗ്രഫിക് സൊസൈറ്റി പുരാവസ്തു ഗവേഷകൻ ഫ്രെഡറിക് ഹൈബെർട്ടിന്റെ നേതൃത്വത്തിൽ ഒക്ടോബറിൽ തുടങ്ങിയ പഠനങ്ങളിലെ സുപ്രധാന വഴിത്തിരിവാണ് ഈ കണ്ടെത്തൽ. കല്ലറയ്ക്കുള്ളിൽ ഭൗതികാവശിഷ്ടങ്ങളെന്നു തിരിച്ചറിയാൻ തക്ക ഒന്നുംതന്നെ കണ്ടെത്തിയില്ല. എന്നാൽ, വലിയൊരളവിൽ പൊടിയും അവശിഷ്ടങ്ങളും ഉണ്ടായിരുന്നു.

ഇത്രയും കാലം അറിയപ്പെടാതെ കിടന്ന മാർബിൾ പാളി കണ്ടെത്തിയതു ഗവേഷകർക്ക് ഊർജം പകർന്നിട്ടുണ്ട്. പുറമേ മാത്രമാണ് ഈ മാർബിൾ ഭാഗത്തിനു വെള്ളനിറം. ഉൾഭാഗത്തിനു ചാരനിറം. ഇതിലെ കുരിശുരൂപം 12-ാം നൂറ്റാണ്ടിലെ കുരിശുയുദ്ധകാലത്തു കൊത്തിയതാകാമെന്നാണു നിഗമനം. നാലാം നൂറ്റാണ്ടിൽ റോമൻ ചക്രവർത്തി കോൺസ്റ്റാന്റിൻ കണ്ടെത്തിയതും പിന്നീട് ആരാധിക്കപ്പെട്ടതുമായ ആ കല്ലറ ഇതു തന്നെയാണെന്നതിന്റെ വ്യക്തമായ അടയാളമാണു കുരിശുരൂപമെന്നും ഗവേഷകർ പറയുന്നു.



യേശുക്രിസ്തുവിന്റെ മൃതദേഹം അടക്കം ചെയ്തതെന്ന് വിശ്വസിക്കപ്പെടുന്ന കല്ലറ 500 വർഷത്തിനുശേഷം തുറന്നപ്പോൾ

കടപ്പാട് : manoramaonline.com